**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *407** 14/11/2019 -ലെ മറുപടി

## വിദ്യാർത്ഥികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.എം.ഉമ്മർ<br>,, ടി.എ.അഹമ്മദ് കബീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളിൽ മൂല്യബോധം, സഹാനുഭൂതി തുടങ്ങിയ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിലും സാമൂഹ്യ പ്രതിബദ്ധത ഉറപ്പാക്കുന്ന തരത്തിൽ ദിശാബോധം നൽകുന്ന കാര്യത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിന്നോക്കാവസ്ഥയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ മൂല്യബോധം, സഹാനുഭൂതി തുടങ്ങിയ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും സാമൂഹ്യ പ്രതിബദ്ധത വളർത്തുന്ന തരത്തിലുമാണ് സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സ്കൂൾ വിദ്യാഭ്യാസത്തിൽ വിവിധ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ഗുണപരമായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനെ ഉദ്ദേശിച്ചാണ് ഒരുക്കിയിട്ടുള്ളത്. വിവിധ വിഷയങ്ങളിലെ പാഠഭാഗങ്ങൾ തെരഞ്ഞെടുക്കുമ്പോഴും, ക്ലാസ്സ് മുറികളിൽ വിനിമയം ചെയ്യുമ്പോഴും മൂല്യങ്ങൾക്കും മനോഭാവങ്ങൾക്കും വേണ്ടത്ര ഊന്നൽ നൽകുന്ന തരത്തിലാണ് അധ്യാപകർക്കുള്ള കൈപുസ്തകങ്ങളും പരിശീലന പരിപാടികളും വിഭാവനം ചെയ്തിട്ടുള്ളത്. മൂല്യവിദ്യാഭ്യാസം പ്രത്യേക വിഷയമായി പഠിപ്പിക്കുന്നത് അശാസ്ത്രീയമായതിനാൽ വിവിധ വിഷയങ്ങളിലെ പാഠഭാഗങ്ങള |

മായി ഉദ്ഗ്രഥിച്ചാണ് ഇത് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ നിരന്തര വിലയിരുത്തലിന്റെ ഭാഗമായി ഇത് പരിശോധിക്കുന്നുമുണ്ട്. കേരളത്തിന്റെ നിലവിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. പരിഷ്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോഴും സമീപനരേഖ തയ്യാറാക്കുമ്പോഴും മൂല്യ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുന്നതാണ്.

(ബി) വാളയാറിൽ പീഡനത്തിനിരയായി മരിച്ച പെൺകുട്ടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വരച്ച പോസ്റ്റർ തലസ്ഥാന ജില്ലയിലെ ഒരു സ്കൂളിൽ പതിച്ചതിന്റെ പേരിൽ വിദ്യാർത്ഥികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാളയാറിൽ പീഡനത്തിനിരയായി മരിച്ച പെൺകുട്ടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ ഗവൺമെന്റ് എച്ച്.എസ്. വിളവൂർക്കലിൽ +2 വിദ്യാർത്ഥികൾ ക്ലാസ് മുറിക്കകത്ത് പോസ്റ്റർ ഒട്ടിക്കുവാൻ ശ്രമിച്ചപ്പോൾ അവിടെ ക്ലാസ് എടുക്കുകയായിരുന്ന അദ്ധ്യാപിക പോസ്റ്റർ ക്ലാസ് മുറിക്കകത്തു ഒട്ടിക്കുവാൻ പറ്റില്ല എന്ന് പറയുകയും, അത് കാരണം കുട്ടികൾ അധ്യാപികയോട് കയർത്തു സംസാരിക്കുകയും സംഭവങ്ങളെ തുടർന്ന് പോസ്റ്റർ ഒട്ടിക്കുവാൻ ശ്രമിച്ച വിദ്യാർത്ഥികളെ രണ്ട് ദിവസത്തേക്ക് ക്ലാസ്സിൽ കയറണ്ടായെന്ന് പറയുകയുണ്ടായി. രണ്ട് ദിവസത്തിൽ ഒരു ദിവസം കലോത്സവം ആയതിനാൽ ഒരു ദിവസത്തെ അധ്യയനം മാത്രമേ മുടങ്ങിയിട്ടുള്ളൂ.

| | | |
|---|---|---|
| (സി) | ഇത്തരം അച്ചടക്ക നടപടികൾ വിദ്യാർത്ഥികളിലും സമൂഹത്തിലും വിഷമതകൾ വർദ്ധിപ്പിക്കുന്നതോടൊപ്പം അവരിൽ വളർന്നുവരേണ്ട സാമൂഹിക പ്രതിബദ്ധതയ്ക്ക് തടസ്സവുമുണ്ടാക്കുന്നു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) ഇത്തരത്തിലുള്ള വിഷയങ്ങളിൽ കുട്ടികൾ കൈകാര്യം ചെയ്യേണ്ട രീതിയെ സംബന്ധിച്ച് ബോധവൽക്കരണം നൽകണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ